"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്ഥാപനതല ആസൂത്രണ സമിതിയുടെ ഉപാദ്ധ്യക്ഷന്മാരായി ഭരണസമിതി അംഗങ്ങളുടെ അടുത്ത ബന്ധുക്കളെ നിയമിക്കുന്നത് വിലക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1398/2023/LSGD തീയതി,തിരുവനന്തപുരം, 10-07-2023

---

പരാമർശം:-
1. സ.ഉ.(എം.എസ്) നം. 10/2017/തസ്വഭവ; തീയതി 09.01.2017
2. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
3. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
4. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ഓംബുഡ്സ്മാന്റെ ഒ.പി. (ആർ.സി.) 515/2021 നമ്പർ കേസിലെ 06.07.2022ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

നാടിന്റെ വികസനത്തിൽ എല്ലാ പൗരന്മാരും തുടർച്ചയായ താല്പര്യമെടുക്കുകയും പങ്കാളികളാകുകയും ചെയ്യുന്നതിലേയ്ക്കായി പൊതു കാര്യങ്ങളിൽ താല്പര്യമെടുക്കുകയും ചിന്തിക്കുകയും സംവാദങ്ങളിൽ എർപ്പെടുകയും പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുന്ന പൗരസമൂഹം വാർത്തെടുക്കുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും ആയി പരാമർശം (1) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ തദ്ദേശ സ്ഥാപനതല ആസൂത്രണസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയകളിൽ കൂടുതൽ ഉത്തരവാദിത്തങ്ങൾ തുടർന്ന് വിവിധ പഞ്ചവത്സര പദ്ധതി മാർഗനിർദ്ദേശങ്ങൾ വഴി ആസൂത്രണസമിതിക്ക് സർക്കാർ ഏൽപ്പിച്ച് നൽകിയിട്ടുമുണ്ട്.

2. അദ്ധ്യക്ഷൻ (തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്), ഉപാദ്ധ്യക്ഷ(ൻ) (ആസൂത്രണ പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനത്തെ സഹായിക്കാൻ കഴിയുന്ന വിദഗ്ധ/ വിദഗ്ധൻ), അംഗങ്ങൾ (സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷ, സന്നദ്ധ സേവകരായ വിദഗ്ധർ), കൺവീനർ (തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി) എന്ന ഘടനയിൽ ആസൂത്രണസമിതിയിൽ 12 അംഗങ്ങൾ എന്നതാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്. തദ്ദേശ സ്ഥാപനതല ആസൂത്രണസമിതി ഉപാദ്ധ്യക്ഷനെ നിയമിക്കുന്നത് സംബന്ധിച്ച ആശയം പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ഉത്തരവിലും തുടർന്നുള്ള പദ്ധതി ആസൂത്രണ മാർഗരേഖകളിലും മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്.

3. മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ആസൂത്രണ സമിതിയുടെ ഉപാദ്ധ്യക്ഷനായ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ഭർത്താവ് അന്യായമായി ഇടപെടുന്നത് സംബന്ധിച്ച ആക്ഷേപം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ഓംബുഡ്സ്മാന് റഫർ ചെയ്തത്, ബഹു. ഓംബുഡ്സ്മാൻ പരിഗണിച്ച് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം, തദ്ദേശ സ്ഥാപനങ്ങളുടെ ഭരണ കാര്യങ്ങളിൽ അനാവശ്യ ഇടപെടലുകൾ നിയന്ത്രിക്കുവാനും പഞ്ചായത്ത് ഭരണം തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ ഒതുക്കി നിർത്തുന്നതിനുമായി, പ്രസിഡന്റിന്റെ അടുത്ത ബന്ധുക്കളെ അതായത് ഭർത്താവ്, ഭാര്യ, സഹോദരൻ, സഹോദരി, പിതാവ്, മാതാവ്, പുത്രൻ, പുത്രി, സഹോദര ഭാര്യ, സഹോദരി ഭർത്താവ്, ഭർത്തൃ സഹോദരൻ, ഭർത്തൃ സഹോദരി എന്നിവരെ ആസൂത്രണ വകുപ്പ് സമിതിയുടെ ഉപാദ്ധ്യക്ഷനായി നിയമിക്കുന്നത് ചട്ടം മൂലം നിരോധിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് ഉൾപ്പടെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ (മേൽ വിവരിച്ചതുപോലുള്ള) അടുത്ത ബന്ധുക്കളെ, തദ്ദേശ സ്ഥാപനതല ആസൂത്രണസമിതി ഉപാധ്യക്ഷ, അംഗം, മറ്റ് സമാന പ്രധാന പദവികൾ എന്നിവയിൽ നിയമിക്കുന്നത് വിലക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജന സമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
21. പ്രസിഡന്റ്/ സെക്രട്ടറി, തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്

22. തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 10-07-2023 10:45:31
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്